**ഭരണഭാഷ – മാതൃഭാഷ**

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
ഹയർ സെക്കന്ററി വിഭാഗം.
ജഗതി, തിരുവനന്തപുരം
jdacad@gmail.com,
ഫോൺ: 0471-2580738

നം. HSE/13589/2025-Acd Spl2 തീയതി: 28-11-2025

**സർക്കുലർ**

വിഷയം: പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർസെക്കൻഡറി വിഭാഗം - (HSSTTP) 2025 - 26 അധ്യാപക പരിവർത്തന പരിപാടി - അപേക്ഷ സമർപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന 13/06/2025 തിയ്യതിയിലെ G.O(Rt)No.3841/2025/GEDN സർക്കാർ ഉത്തരവ്.

ഉന്നത വിദ്യാഭ്യാസകേന്ദ്രങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവയുമായി സഹകരിച്ച് ഹയർ സെക്കൻഡറി വിഭാഗം അധ്യാപകരുടെ സേവനകാല വിദ്യാഭ്യാസത്തിനായി ആവിഷ്‌കരിച്ച പദ്ധതിയാണ് HSSTTP. വൈജ്ഞാനികരംഗത്തെ വികാസങ്ങൾക്കൊപ്പം മുന്നേറുന്നതിന' അധ്യാപകർക്ക് പിന്തുണ നൽകുന്നതിനും പുതിയ ഉൾക്കാഴ്ചകൾ വികസിപ്പിക്കുന്നതിനും, നിരന്തരപഠനത്തിൻ്റെയും ഗവേഷണത്തിൻ്റെയും സംസ്കാരം പരിപോഷിപ്പിക്കുന്നതിനും സർഗാത്മകത പ്രോത്സാഹിപ്പിക്കുന്നതിനും തൊഴിൽപരമായ നൈപുണികൾ വളർ ത്തുന്നതിനുമാണ് നവീനമായ ഈ അധ്യാപകവിദ്യാഭ്യാസ പരിപാടി ആസൂത്രണം ചെയ്തിട്ടുള്ളത് . വിദ്യാർത്ഥികൾക്ക് മികച്ച പഠനാനുഭവങ്ങൾ ഒരുക്കി ഹയർ സെക്കൻഡറി വിദ്യാഭ്യാസം ശക്തിപ്പെടുത്താൻ അധ്യാപകരെ സജ്ജരാക്കുകയാണ് ഇതിൻ്റെ ലക്ഷ്യം . ശില്പശാലാ മാതൃകയിൽ മുഴുവൻ സമയപങ്കാളിത്തത്തോടെയുള്ള റസിഡൻഷ്യൽ കോഴ്സായാണ് ഇത് വിഭാവന ചെയ്തിരിക്കുന്നത് .

പത്തു ദിവസം നീണ്ടുനില്ക്കുന്ന ടീച്ചർ ട്രാൻസ്ഫോർമേഷൻ പ്രോഗ്രാമിൽ ഗവേഷണ പരിപാടികൾ, അതിഥിപ്രഭാഷണങ്ങൾ, ചർച്ചകൾ, സംവാദങ്ങൾ, ലാബ്-ലൈബ്രറി പ്രവർത്തനങ്ങൾ, ഫീൽഡ് ട്രിപ്പ്, കലാസ്വാദനവേളകൾ, അവതരണങ്ങൾ, വൈദഗ്ധ്യമേഖലകളിലുള്ള പരിശീലനങ്ങൾ തുടങ്ങിയവയാണ് ഉൾ പ്പെടുത്തിയിട്ടുള്ളത് . കേരളത്തിലെ ഏറ്റവും മികച്ച ബിരുദാനന്തരബിരുദ പഠനസൗകര്യമുള്ള യൂണിവേഴ്സിറ്റികൾ, അതിവിശിഷ്ട സ്ഥാപനങ്ങൾ, കോളേജുകൾ എന്നിവയെയാണ് പഠനകേന്ദ്രങ്ങളായി തിരഞ്ഞെടുത്തിട്ടുള്ളത് . ഉന്നതവിദ്യാഭ്യാസ കേന്ദ്രങ്ങളിലെ ലൈബ്രറി, ലാബ്, മൾട്ടീമീഡിയാ സൗകര്യങ്ങൾ തുടങ്ങിയ വിഭവങ്ങൾ പ്രയോജനപ്പെടുത്തുക എന്നതാണ് ഇതിലൂടെ ലക്ഷ്യമാക്കുന്നത് . ഗവേഷണ സ്ഥാപനം എന്ന നിലയിലുള്ള മികവുകളും പ്രയോജനപ്പെടുത്താൻ കഴിയുന്നതാണ്.

തിരഞ്ഞെടുക്കപ്പെടുന്ന നാൽപ്പതു പേർക്കാണ് ഒരു കേന്ദ്രത്തിലെ ഒരു വിഷയത്തിന് പ്രവേശനം നൽകുന്നത്. മലയാളം, ഇംഗ്ലീഷ്, മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി, ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, കൊമേഴ്സ് എന്നീ വിഷയങ്ങൾക്കാണ് ഈ വർഷം കോഴ്സ് സംഘടിപ്പിക്കുന്നത്.

പരിശീലനം പൂർത്തിയാക്കുന്നവർക്ക് തുടർന്നുള്ള സേവനകാലയളവിൽ വിവിധ അക്കാഡമിക ആവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്താവുന്ന കോഴ്സ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതാണ് . തിരഞ്ഞെടുക്കപ്പെടുന്ന അധ്യാപകർക്ക് യാത്രാബത്തയും താമസവും ഭക്ഷണവും നൽകുന്നതാണ് . കോളേജിലെ ലാബ്, ലൈബ്രറി തുടങ്ങിയ വിപുലമായ സൗകര്യങ്ങൾക്കു പുറമേ ലഘു യാത്രകൾ **(Field Trip)** നടത്തി പഠനം നടത്തുന്നതിനുള്ള സൗകര്യവും ഉണ്ടായിരിക്കും . അധ്യാപകർ, വിദ്യാർത്ഥികൾ, ഗവേഷകർ , സാങ്കേതികവിദഗ്ധർ തുടങ്ങിയവരുമായി സംവാദങ്ങളിൽ ഏർപ്പെടാനുള്ള അവസരങ്ങളും ഈ പരിപാടിയുടെ സവിശേഷതയാണ്.

ഈ വർഷത്തെ കോഴ്സിന് അപേക്ഷിക്കാനുള്ള അവസാന

തീയതി **2025** ഡിസംബർ **3** ആണ് . കോഴ്സിലേക്കുള്ള പ്രവേശനത്തിന് ഓൺ ലൈനായി അപേക്ഷിക്കാവുന്നതാണ് . അപേക്ഷകർ **www.hscap.kerala.gov.in** എന്ന വെബ്സൈറ്റിന്റെ ഹോം പേജിലെ **HSSTTP** എന്ന ടാബിൽ ക്ലിക്ക് ചെയ്ത് ഓൺലൈൻ അപേക്ഷകൾ പ്രിൻസിപ്പലിനു സമർപ്പിക്കേണ്ടതും , പ്രിൻസിപ്പൽ **2025** ഡിസംബർ **3** നു വൈകിട്ട് **5** മണിക്ക് മുമ്പായി ഡയറക്ടറേറ്റിലേക്ക് ഫോർവേഡ് ചെയ്യേണ്ടതുമാണ്. കോഴ്സിലേക്കുള്ള പ്രവേശനത്തിന് ഓൺലൈനായി അപേക്ഷിച്ചിട്ടില്ല എന്നത് കോഴ്സിൽ ഉൾപ്പെടാതിരിക്കുന്നതിനുള്ള കാരണമല്ല.

Signed by
Shajitha S
Date: 28-11-2025 15:36:33
ജോയിന്റ് ഡയറക്ടർ (അക്കാദമിക്)

എല്ലാ ഗവ./എയ്ഡഡ് ഹയർസെക്കൻഡറി
അധ്യാപകർക്കും/പ്രിൻസിപ്പൽ / ആർ ഡി ഡി മാർക്കും .